# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ഏപ്രിൽ 20, വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

കേരളത്തിൽ ഇന്ന് 6 പേർക്ക് രോഗം സ്ഥിരീകരിച്ചു. കണ്ണൂർ ജില്ലയിൽ നിന്നും 6 പേർക്ക് ആണ് രോഗബാധ സ്ഥിരീകരിച്ചത് എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. കേരളത്തിൽ ഇന്ന് 21 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ നിന്നും 19 ( കണ്ണൂർ ജില്ലയിൽ ചികിത്സയിലായിരുന്ന 2 പേർ) പേരുടെയും, ആലപ്പുഴ ജില്ലയിൽ നിന്നും 2 പേരുടേയും പരിശോധനാഫലമാണ് നെഗറ്റീവ് ആയത്. രോഗം സ്ഥിരീകരിച്ച് 114 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 213 രാജ്യങ്ങ ളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 46323 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 45925 പേർ വീടുകളിലും 398 പേർ ആശുപത്രിക ളിലുമാണ്. ഇതുവരെ 19756 സാമ്പിളുകൾ പരിശോധിച്ചതിൽ 19074 സാമ്പിളുകൾ നെഗ റ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാം ശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്താകമാനം 22,45,872 കേസ്സുകളും, 1,52,707 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 17,264 കേസ്സുകളും, 543 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇന്ത്യയിൽ ഇന്ന് 1,552 പുതിയ കേസ്സുകളും, 63 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ടെസ്റ്റിംഗ് സെന്ററുകളുടെ ജില്ലതിരിച്ചുള്ള വിഭജനവും, ലാബുകളിൽ നിലവിലെ സംവിധാനത്തിൽ ചെയ്യാൻ കഴിയുന്ന ടെസ്റ്റുകളുടെ കണക്കും അറിയിച്ചു. ഇപ്പോൾ ചികിത്സയിലുള്ള രോഗികളുടെയും, രോഗം ഭേദമായവരുടേയും ആരോഗ്യനിലയെക്കുറിച്ചുള്ള വിശകലനവും നടത്തി. രോഗം സ്ഥിരീകരിച്ചവരുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങളും അവതരിപ്പിച്ചു. പ്രാഥമിക സമ്പർക്കമുള്ള സംസ്ഥാ നത്തെ 20 പഞ്ചായത്തുകളുടെ വിവരവും അവതരിപ്പിച്ചു. ഐ സി എം ആർ അനുമതി ലഭിച്ച എറണാകുളം മെഡിക്കൽ കോളേജ് ലാബും ടെസ്റ്റിങ്ങ് ആരംഭിച്ചു. മെഡിക്കൽ കോളേജ് കോട്ടയം, മഞ്ചേരി എന്നിവിടങ്ങളിൽ നാളെയോടെ ടെസ്റ്റിംഗ് ആരംഭിക്കും. മെഡിക്കൽ കോളേജ് കണ്ണൂർ നാളെ കൺട്രോൾ ടെസ്റ്റിംഗ് നടത്തും. ആന്റീബോഡി ടെസ്റ്റ് കിറ്റിന്റെ ഉപയോഗക്ഷമത നിർണ്ണയിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ആരംഭി

ച്ചു. ഐ സി എ ആർ ൽ നിന്നും 12480 ആന്റീബോഡീ ടെസ്റ്റ് കിറ്റുകളാണ് ലഭിച്ചിട്ടുള്ള ത്. ഇതിൽ 4500 കിറ്റുകൾ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നൽകും. 7500 കിറ്റുകൾ രോഗ വ്യാപനത്തിന്റെ പഠനത്തിനായി ഉപയോഗിക്കും. നില വിൽ 16055 ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകൾ സ്റ്റോക്ക് ഉണ്ട്. കൂടാതെ 2,500 കിറ്റു കൾ കൂടി ലഭ്യമാക്കാനുണ്ട്. ഇപ്പോഴത്തെ അവസ്ഥയിൽ ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകളുടെ കാര്യത്തിൽ ആശങ്കപ്പെടേണ്ടതില്ല. 46,802 പി സി ആർ കിറ്റുകളും സ്റ്റോക്കിൽ ഉണ്ട്. 2000 കിറ്റുകൾ വരും ദിവസങ്ങളിൽ ലഭ്യമാകുകയും ചെയ്യും. 53063 ഡാക്രോൺ സ്വാബുകൾ സ്റ്റോക്ക് ഉണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്ന് 386 സാമ്പിളുകൾ സാമൂഹിക നിരീക്ഷണത്തിനായി ശേഖരിച്ചിരുന്നു. ഇതിൽ 253 സാമ്പിളുക ളുടെ പരിശോധനാഫലം നെഗറ്റീവാണ്. 103 സാമ്പിളുകളുടെ പരിശോധനാഫലം ലഭി ക്കാനുണ്ട്.

## ചീഫ് സെക്രട്ടറി

മെഡിക്കൽ അനുബന്ധ ഉപകരണങ്ങളുടേയും ഭക്ഷ്യധാന്യങ്ങളുടേയും സ്റ്റോക്ക് സംതൃ പ്തമാണ്. ചരക്ക് ലോറികളുടെ വരവിൽ ഇന്നത്തെ കണക്കനുസരിച്ച് 2388 ലോറികൾ ആണ് എത്തിയിട്ടുള്ളത്. പഞ്ചസാരയുടേയും ഉരുളകിഴങ്ങിന്റെയും സ്റ്റോക്കിൽ നേരിയ കുറവുണ്ട്. 779 ലോറികളിൽ പച്ചക്കറികൾ എത്തി. ഹോർട്ടികോർപ്പിന്റെ ആഭിമുഖ്യ ത്തിൽ പച്ചക്കറി വിൽപന നടക്കുന്നുണ്ട്. ഹോർട്ടികോർപ്പിന്റെ തന്നെ മാർക്കറ്റ് ഓൺ വീൽസ് എന്ന പരിപാടിയിലൂടെയും പച്ചക്കറി വിൽപന ആരംഭിച്ചിട്ടുണ്ട്. അതിഥി തൊഴി ലാളികളുടെ ക്യാമ്പുകളിൽ ഭക്ഷണത്തിന് കുറവ് അനുഭവപ്പെടുന്നുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അതിഥി തൊഴിലാളികൾക്കായി തൊഴിൽ വകുപ്പിന്റെ കീഴിൽ കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ ഭക്ഷണ കാര്യത്തിൽ കുറവ് ഉണ്ടാകരുത് എന്ന് ജില്ലാകളക്ടർമാർക്കും, ജില്ലയിലെ തൊഴിൽ വകുപ്പ് മേധാവി കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ രണ്ട് അതിഥി തൊഴിലാളികൾ ആത്മഹത്യ ചെയ്തു എന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. മാനസിക സമ്മർദ്ദം മൂലമാണ് ഇത് സംഭവിച്ചതെന്നാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്. ഇന്ന് തിരുവനന്തപുരം, എറണാകുളം നഗരങ്ങളിൽ പൊതു നിരത്തുകളിൽ വാഹനങ്ങളുടെ തിരക്ക് അനുഭവപ്പെട്ടിരുന്നു. ഇങ്ങനെ വാഹനങ്ങളുടെ എണ്ണം കൂടുകയാണെങ്കിൽ കർശനമായ ക്രമീകരണങ്ങൾ നട ത്തേണ്ടി വരും.

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

കേരളത്തിൽ 14 സ്വകാര്യ ലാബുകളിൽ മോൾ ബയോ ടെസ്റ്റിംഗ് സൗകര്യം സജ്ജമായി ട്ടുണ്ട്. ഇത് പെട്ടെന്ന് ചെയ്യാൻ കഴിയുന്ന ടെസ്റ്റാണ്. ഇതേ രീതിയിൽ ചെയ്യാൻ കഴിയുന്ന ജീൻ എക്സ്പ്രസ് എന്ന ഒരു ടെസ്റ്റ് കൂടി ഉണ്ട്. ജീൻ എക്സ്പ്രസ് ടെസ്റ്റ് 2 ജീനുകൾ ആണ് ടെസ്റ്റ് ചെയ്യുന്നത്. എന്നാൽ മോൾ ബയോ ഒരു ജീൻ മാത്രമാണ് ടെസ്റ്റ് ചെയ്യു ന്നത് അതിനാൽ ഐ സി എം ആർ മോൾ ബയോ ടെസ്റ്റിനെ സ്ക്രീനിംഗ് ടെസ്റ്റ് മാത്രമാ യിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ലാബിന് എന്തെല്ലാം സജ്ജീകരണങ്ങൾ വേണം എന്നതിനെ സംബന്ധിച്ച് ഐ സി എം ആർ കർശനമായ നിബന്ധനകളാണ് പുറപ്പെടുവി ച്ചിരുന്നത്. എന്നാൽ ഇപ്പോൾ ഇത് നിബന്ധനകൾ ലഘൂകരിച്ചിട്ടുണ്ട്. ഇത് കൂടാതെ